# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5993** **19.11.2019-ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങൾ സംയുക്ത സംരംഭങ്ങളിൽ ഏർപ്പെടുന്നതിന് പദ്ധതി**

**ചോദ്യം** **മറുപടി**

| ശ്രീ.ജെയിംസ് മാത്യൂ<br>,, വി. കെ. സി. മമ്മത് കോയ<br>,, കെ.വി.വിജയദാസ്<br>,, സി.കെ. ഹരീന്ദ്രൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാരിന്റെ വിവിധ പദ്ധതികൾ പി.പി.പി. മോഡലിൽ നടത്തപ്പെടുന്നതുപോലെ അതതുമേഖലയിലെ സഹകരണ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭങ്ങളിൽ ഏർപ്പെടുന്നതിനും വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും പ്രത്യേക പദ്ധതിയ്ക്ക് രൂപം നൽകുന്നതിനെക്കുറിച്ച് ആലോചിക്കുമോ; | (എ) | അതാത് മേഖലയിലെ സഹകരണ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭങ്ങളിൽ ഏർപ്പെടുന്നതിനും വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും തുടക്കം കുറിച്ചുകൊണ്ട് പാലക്കാട് ജില്ലയിലെ 26 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ അംഗങ്ങളാക്കി പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കുകയുണ്ടായി. സഹകരണ മേഖലയിൽ "PAPCOS" എന്ന ബ്രാന്റിൽ നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണിയിൽ എത്തിക്കുക എന്ന പ്രധാന ലക്ഷ്യ സാക്ഷാത്ക്കാരത്തിനാണ് ടി സംഘം രൂപീകരിച്ചിട്ടുള്ളത്. കാർഷിക മേഖലയിൽ ഇത്തരം ബൃഹത് പദ്ധതികൾ വ്യാപിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | നാടിന്റെ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനായി പരമ്പരാഗത വ്യവസായം, വ്യവസായ-വാണിജ്യം, ടൂറിസം, ഐ.റ്റി., ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | നാടിന്റെ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനായി പരമ്പരാഗത വ്യവസായം, വ്യവസായ-വാണിജ്യം, ടൂറിസം, ഐ.റ്റി., ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുന്നതിനായി ഇതിനകം നടപടി സ്വീകരിച്ചിട്ടുള്ളതും ആയതിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് ബഡ്ജറ്റ് തുക വകയിരുത്തി ധനസഹായം നൽകിവരുന്നതുമാണ്.<br><br>**പരമ്പരാഗത വ്യവസായം**<br>പരമ്പരാഗത-പ്രാദേശിക ഉദ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി കക്ക സഹകരണ സംഘങ്ങൾ, ആർട്ട്കോ എന്നിവയ്ക്ക് നിലവിൽ പ്രത്യേക |

| | | | |
|---|---|---|---|
| | | | സ്കീമിൽ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. 2019-20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പ്രത്യേക പദ്ധതി പ്രകാരം ആലപ്പുഴ, കോട്ടയം ജില്ലകളിലായി 12 കക്ക സഹകരണ സംഘങ്ങൾക്ക് 355 ലക്ഷം രൂപ ധനസഹായം സബ്സിഡിയായി അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br><br>**<u>വ്യവസായ- വാണിജ്യം</u>**<br>വ്യവസായ വാണിജ്യ മേഖലയുടെ പ്രോത്സാഹനവുമായി ബന്ധപ്പെട്ട് റെയ്ഡ്കോയ്ക്ക് പദ്ധതി സഹായം നൽകിവരുന്നുണ്ട്.<br><br>**<u>ടൂറിസം</u>**<br>കേരളത്തിലുടനീളം വിപുലമായ ശൃംഖല ഉള്ളതും മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതുമായ സഹകരണ സംഘങ്ങളിൽകൂടി വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും ആയുർവ്വേദം, കൈത്തറി, കയർ, മറ്റ് ചെറുകിട വ്യവസായ അനുബന്ധ മേഖലകൾ എന്നിവയെ സഹകരണ വിനോദ സഞ്ചാരത്തിലൂടെ പരോക്ഷമായി പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന പദ്ധതിയിൽ പലവക സഹകരണ സംഘങ്ങൾക്ക് ധനസഹായം എന്ന സ്കീമിൽ ഉൾപ്പെടുത്തി തുക വകയിരുത്തിയിട്ടുള്ളതും ധനസഹായം അനുവദിച്ചുവരുന്നതുമാണ്. കൂടാതെ എൻ.സി.ഡി.സി. പദ്ധതി പ്രകാരവും ടൂറിസം സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിന് വേണ്ടി തുക വകയിരുത്തിയിട്ടുള്ളതാണ്.<br><br>**<u>ഐ.റ്റി.</u>**<br>സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയുടെ കമ്പ്യൂട്ടർവത്കരണം, എ.റ്റി.എം. സംവിധാനം, സാങ്കേതിക നവീകരണം, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്ക് ഓഹരി, വായ്പ, സബ്സിഡി എന്നിവയായി അനുവദിക്കുന്നതിന് പദ്ധതിയിൽ തുക വകയിരുത്തി ധനസഹായം അനുവദിച്ചുവരുന്നു.<br><br>**<u>ആരോഗ്യം</u>**<br>ചട്ട പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്നതുമായ |

| | | | |
|---|---|---|---|
| | | | ആശുപത്രികൾ/ഡിസ്പെൻസറികൾ എന്നിവയ്ക്കുള്ള ധനസഹായം, ആശുപത്രി സഹകരണ സംഘങ്ങളുടെ അപക്സ് ഫെഡറേഷനുള്ള ധനസഹായം, പഞ്ചായത്ത്/ താലൂക്ക്/ജില്ലാതലത്തിലുള്ള പുതിയ ഡിസ്പെൻസറി/ സഹകരണ ആശുപത്രി സൊസൈറ്റികൾക്കുള്ള ധനസഹായം, താലൂക്ക് ജില്ലാ ആശുപത്രികളിൽ നല്ല സജ്ജീകരണങ്ങളുള്ള മെഡിക്കൽ ലാബുകളും മറ്റും സഹകരണ സ്ഥാപനങ്ങൾ വഴി ആരംഭിക്കുന്നതിനുള്ള ധനസഹായം എന്നീ വിഭാഗങ്ങളിലായി സംസ്ഥാന പദ്ധതിയിൽ പലവക സഹകരണ സംഘങ്ങൾക്ക് ധനസഹായം എന്ന സ്കീമിൽ ഉൾപ്പെടുത്തി തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ എൻ.സി.ഡി.സി. പദ്ധതി പ്രകാരവും ആശുപത്രി സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിന് വേണ്ടി തുക വകയിരുത്തിയിട്ടുണ്ട്.<br><br>**വിദ്യാഭ്യാസം**<br>വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്കും സഹകരണ കോളേജിലെ വിദ്യാർത്ഥികൾക്കുമായി സംസ്ഥാനതല യുവജനോത്സവം നടത്തുന്നതിന് സംസ്ഥാന പദ്ധതിയിൽ പലവക സഹകരണ സംഘങ്ങൾക്ക് ധനസഹായം എന്ന സ്കീമിൽ ഉൾപ്പെടുത്തി തുക വകയിരുത്തിയിട്ടുണ്ട്.<br><br>സ്കൂൾ, കോളേജ്, സർവ്വകലാശാല സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ, കോളേജ് സഹകരണ സംഘങ്ങളെ അതാത് സ്ഥലത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെയും ജില്ലാ സഹകരണ ബാങ്കുകളുടെയും മേൽനോട്ടത്തിൽ പുനരുജ്ജീവിപ്പിക്കുന്നതിന് വേണ്ടിയും സംസ്ഥാന പദ്ധതിയിൽ ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതിസ്റ്റോറുകൾക്കുമുള്ള ധനസഹായം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**